26-10-2026

Announcement

അറിയിപ്പ്

പമ്പാ ബ്ലോക്കിന്റെ താക്കോൽ കൈമാറ്റം

മി. സ്പീക്കർ: പുനർനിർമ്മാണം നടത്തിയിരിക്കുന്ന പമ്പ ബ്ലോക്കിന്റെ താക്കോൽ കൈമാറ്റച്ചടങ്ങ് ലെജിസ്ലേച്ചേഴ്സ് ഹോം പരിസരത്ത് വച്ച് ഉടൻതന്നെ ആരംഭിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി താക്കോൽ കൈമാറ്റം നിർവഹിക്കും. 64 നിയമസഭാ സാമാജികർക്ക് അവിടെ താമസ സൗകര്യം ഒരുക്കിയിരിക്കുകയാണ്. ഇതോടുകൂടി എല്ലാ നിയമസഭാ സാമാജികർക്കും താമസ സൗകര്യമുള്ള ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമായി കേരളം മാറുകയാണ്. ഞാൻ നിങ്ങളെ എല്ലാവരെയും അഭിനന്ദിക്കുന്നു. ടി കെട്ടിട നിർമ്മാണം നേരത്തെ ആരംഭിച്ചത് കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. പക്ഷെ, ഇന്ന് അതിന്റെ നിർമ്മാണം പൂർത്തീകരിച്ചത് നമ്മളാണ്. എല്ലാവരുംകൂടി ഒരുമിച്ച് ചേർന്ന് ഈ സംരംഭം വമ്പിച്ച വിജയമാക്കണം എന്ന് ഞാൻ അഭ്യർഥിക്കുന്നു. അതോടൊപ്പം ഈ യോജിപ്പ് തുടർന്നും മുന്നോട്ട് കൊണ്ടുപോകണമെന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിക്കുകയും ചെയ്യുകയാണ്.

26-10-2026

Announcement

എല്ലാ അംഗങ്ങളും താക്കോൽദാന ചടങ്ങിൽ പങ്കെടുക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർഥിക്കുകയാണ്.